പതിനാലാം കേരള നിയമ സഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 21** **02.03.2020 - ൽ മറുപടിയ്ക്ക്**

**എയിംസ് അനുവദിയ്ക്കാത്ത കേന്ദ്ര നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.യു. ജനീഷ് കുമാർ<br>,, എസ്.ശർമ്മ<br>,, എസ്.രാജേന്ദ്രൻ<br>,, വി. ജോയി | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി) |
| (എ) | നിപ, കോവിഡ് തുടങ്ങിയ മാരക പകർച്ച വ്യാധികളെപ്പോലും ഫലപ്രദമായി നേരിടാൻ കരുത്താർജ്ജിച്ച സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ അത്യാധുനിക ചികിത്സാ സംവിധാനവും ഗവേഷണ രംഗവും ലോകോത്തരമാക്കാൻ ഏറെ സഹായകരമാകും വിധം ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കാമെന്ന കേന്ദ്ര സർക്കാരിന്റെ വാഗ്ദാനം ഇത്തവണയും പാലിക്കാത്തതിനാൽ അതിനായി പ്രത്യേക സമ്മർദ്ദം ചെലുത്താൻ നടപടിയുണ്ടാകുമോ; | (എ) | എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിട്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടു വരികയാണ് . |
| (ബി) | എയിംസിനായി ഭൂമി കണ്ടെത്തി അതിന്റെ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് നൽകിയിരുന്നോ; | (ബി) | നൽകിയിരുന്നു . |
| (സി) | സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്തുന്നതിനും കോന്നി, വയനാട് എന്നീ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനും ഇടുക്കി മെഡിക്കൽ കോളേജിൽ പര്യാപ്തമായ സൗകര്യം ഏർപ്പെടുത്തുന്നതിനും നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ? | (സി) | വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

ഓരോ സർക്കാർ മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് മുന്നൂറ്റി അറുപത്തിയെട്ട് കോടി എഴുപത്തഞ്ച് ലക്ഷം (368.75 കോടി)രൂപയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 717 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി ആദ്യ ഘട്ടമെന്ന നിലയിൽ 58 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോട്ടയം, തൃശ്ശൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിന് ആദ്യഘട്ടമെന്ന നിലയിൽ 134 കോടിയുടെ സർജിക്കൽ ബ്ലോക്കിന് കിഫ്ബി വഴി അംഗീകാരം ലഭിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ കണ്ണൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ളാൻ തയാറായി വരുന്നു. മെഡിക്കൽ കോളേജുകളിൽ (നിലവിലുള്ളവയിൽ നി ന്ന് അധികമായി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 147 പി.ജി സീറ്റുകൾ കൂടി എം.സി.ഐ യുടെ അംഗീകാരത്തോടെ ലഭ്യമാക്കി. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആദ്യമായി സൂപ്പർ സ്പെഷ്യൽറ്റി കോഴ്സ് ആയ DM കാർഡിയോളജി 2 സീറ്റിനു അനുമതി ലഭിച്ചു .

എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം S.A.T -യിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രോഡക്റ്റീവ് മെഡിസിൻ, പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ Patient friendly Transformation of out patient Service എന്ന പദ്ധതിക്കായി അൻപത്തി ഒന്ന് കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി നാലായിരം (51.8184 കോടി )രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പൂർത്തിയാക്കി വരുന്നു .

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സി.റ്റി സിമുലേറ്റർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്കാൻ സ്ഥാപിച്ചു.

കേരളത്തിൽ ആദ്യമായി ബി.എസ്.സി ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കാൻ അനുമതി നൽകി.

ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നു.

കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ

വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നല്കുകയും ആദ്യ ഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമാ കെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ നിർമാണം പൂർത്തീകരിച്ച് വരുന്നു . ടാറ്റായുടെ സഹകരണത്തോടെയുള്ള 12 കോടി രൂപയും 2020 -21 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 12 കോടി ഉൾപ്പടെ ആകെ 24 കോടി രൂപ ഇതിലേക്കായി ചെലവഴിക്കുന്നുണ്ട്. കൂടാതെ 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പോളിട്രോമാകെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി) പ്രവർത്തനവും പഠനനിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടിഡിസിപ്ളിനറി റിസർച്ച് ലബോറട്ടറി, മൾട്ടിഡിസിപ്ളിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൌസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് പ്രവർത്തിച്ചു വരുന്നു. അത്യാധുനിക മോർച്ചറി സംവിധാനവും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മൾട്ടി സ്പെഷ്യാലിറ്റി ബ്ളോക്ക് പ്രവർത്തനക്ഷമമാക്കി . തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇ -ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി യിൽ ടോക്കൺ സംവിധാനവും അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ( അഞ്ചു കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപ) മുടക്കി പുതിയ സി.ടി സ്കാൻ സ്ഥാപിച്ചു. കൂടാതെ ട്രോമാ കെയർ സംവിധാനത്തോടു കൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി) ബ്ളോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. 3.30 കോടി രൂപയ്ക്ക് ഡി.എസ്.എ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നല്കി. എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നല്കി. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്ക മാത്രമായി ഒ.പി.സംവിധാനം ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു കൂടാതെ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇരുപത്തി ഒന്ന് കോടി നാല്പത്തിയേഴ ലക്ഷം രൂപ (21.47 കോടി രൂപ) മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു. ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്ഥാപിച്ചു

തൃശ്ശൂർ മെഡിക്കൽ കോളേജിൽ എട്ടു കോടി അറുപതു ലക്ഷം രൂപ (8.60 കോടി രൂപ ) ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട് . തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി.ടി സ്കാനർ സ്ഥാപിച്ചു.സൂപ്പർ സ്പെഷ്യൽറ്റി കോഴ്സ് ആയ DM കാർഡിയോളജി തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിൽ ക്യാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. ഇ.എൻ.റ്റി.എച്ച്.ഡി സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു . മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡൻഷ്യൽ സൗകര്യം

ഒരുക്കുന്നതിന്റെ ഭാഗമായി അധ്യാപക അനധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ , ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ (103.86 കോടി

രൂപ) പുരോഗമിച്ചു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ, കളർ ഡോപ്ളെയർ , ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൌണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷീനും അനുബന്ധ ഉപകരണങ്ങളും , സി.ടി സ്കാനർ, ഹൈ എൻഡ് അൾട്രാ സോണോഗ്രാം, ഇ.ഇ.ജി, ഇ.എം.ജി ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. .കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി ഏറ്റെടുക്കൽ പ്രക്രീയ പൂർത്തിയായി വരുന്നു .

എറണാകുളം മെഡിക്കൽ കോളേജിൽ 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ തസ്തികകൾ സൃഷ്ടിച്ച് , നെഫ്രോ, കാർഡിയോ ന്യൂറോ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ എം.ആർ.ഐ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നല്കി.

കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും സൂപ്പർ സ്പെഷ്യാലിറ്റിയിലെയും OP ബ്ളോക്ക് നിർമ്മാണം ചെസ്റ്റ് ആശുപത്രി, മാതൃശിശു സംരക്ഷണ കേന്ദ്രം, സൂപ്പർ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലെ ടോയിലെറ്റുകളുടെ നിർമ്മാണം, നിലവിൽ ഉള്ളവയുടെ നവീകരണം , ഫാർമസി കോളേജ് , സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് എന്നിവിടങ്ങൾക്ക് അടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലേക്കുള്ള റോഡിൽ ഇന്റർലോക്ക് പാകൽ ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക് , ഒ.പി ബ്ളോക്കിൽ എ.സി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ എൻ.എം.സി. എച്ച് ലെ ഒ.പി ബ്ളോക്ക് നിർമ്മാണം , വെയിറ്റിങ് ഏരിയ എന്നിവയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി രോഗി സൗഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ഐ.എം.സി എച്ച് ൽ രോഗികൾക്ക് വസ്ത്രം ഉണക്കുവാൻ ഇടുന്ന സ്ഥലത്തിന്റെ നിർമ്മാണം, എസ്.ഡി.എസ്.എം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പ സ്ഥലത്തിന്റെ നിർമ്മാണം, ഐ.എം.സി എച്ച് ലെ ഡൈനിംഗ് ഹാൾ നവീകരണം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ക്യാംപസിലെ ഹോസ്റ്റലിന് ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയും നടന്നു വരുന്നു . ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി , റേഡിയോതെറാപ്പി വിഭാഗങ്ങളെ ഓരോ സമുച്ചയത്തിലാക്കി മുപ്പതിനായിരം (30000 ) സ്ക്വയർ ഫീറ്റിൽ 44.50 കോടി രൂപ ചെലവിൽ ടെർഷ്യറി ക്യാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു. റേഡിയോ സയഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ളൈസ് കാർഡിയോ സി.ടി സ്കാൻ സ്ഥാപിച്ചു . കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14 കോടി അനുവദിച്ചു . രോഗികളുടെയും രോഗവിവരങ്ങളുടെയും അനുബന്ധവിവരങ്ങളുടെയും ഡിജിറ്റൽവൽക്കരണവും ഭാവിയിൽ പഠനഗവേഷണങ്ങൾ ക്കായി വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ - ഹെൽത്ത് പദ്ധതി. ഇതിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ ഇ - ഹെൽത്ത് പദ്ധതി ഒ.പി രെജിസ്ട്രേഷൻ തലത്തിൽ എത്തി നിൽക്കുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചിലവിൽ ലക്ചറർ തീയേറ്റർ കോപ്ളക്സ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിൽ 5 കോടി രൂപ ചെലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി stroke unit സ്ഥാപിച്ചു. 195 കോടി മുതൽ മുടക്കിൽ പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ളിയർ മെഡിസിൻ വിഭാഗത്തിൽ 5.8 കോടി രൂപ ചെലവിൽ സ്പെക്ട് സി.ടി ഗാമ ക്യാമറയും, റേഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി. ടി സ്കാനും സ്ഥാപിച്ചു കൂടാതെ മോളിക്യൂലാർ ഡയഗ്നോസിറ്റിക് ഫെസിലിറ്റി ക്രമീകരിക്കുന്നിതിനായി 1.2 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു . ടി കോളേജിന്റെ ഭരണപരമായ കാര്യങ്ങൾക്ക് 11 തസ്തിക അനുവദിച്ചു . മറ്റ് മെഡിക്കൽ കോളേജിനെ പോലെ ഈ മെഡിക്കൽ കോളേജിനെയും കൊല്ലം മെഡിക്കൽ കോളേജിനെയും മികവിന്റെ കേന്ദ്രമാക്കാനുള്ള വിപുലമായി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ നിർമാണ പ്രവർത്തനങ്ങളും നടന്നു വരുന്നു .

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>**

2015-2016 അക്കാദമിക് കാലയളവിൽ 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് അഡ്മിഷൻ ലഭിക്കുന്നതിന് കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി 28.02.2015 ലെ സ.ഉ (കൈ) നം. 37/ 2015/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 83 അദ്ധ്യാപക തസ്തികകളും 25 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. സൃഷ്ടിക്കപ്പെട്ട തസ്തികകൾ പ്രൊമോഷൻ/പി.എസ്.സി മുഖേന നികത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. 300 കിടക്കകളുള്ള ആശുപത്രി കെട്ടിടവും അക്കാദമിക് ബ്ലോക്കും പൂർത്തിയാക്കുന്നതിനുള്ള നടപടികളും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തിര നടപടികളും കൈക്കൊണ്ടു വരുന്നു. എം.സി.ഐ യുടെ അംഗീകാരം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ടി ജീവനക്കാരെ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. കോന്നി സർക്കാർ മെഡിക്കൽ കോളേജിനെ അക്കാദമിക് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ആയി പ്രഖ്യാപിച്ച് 17.06.2015 ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഏലത്തൂരിനെയും ഏനാദിമംഗലത്തിനെയും പഠനത്തിനും ട്രെയിനിങ്ങിനുമുള്ള ആവശ്യത്തിനായി ടി കോളേജുമായി സംയോജിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

167 കോടി 33 ലക്ഷം രൂപ (16733 ലക്ഷം രൂപ) അടങ്കൽ തുകയിൽ 142 കോടി 23 ലക്ഷം രൂപയുടെ (14223 ലക്ഷം രൂപ ) നബാർഡ് ധന സഹായത്തോടെ നിർമ്മാണം നടന്നു വരുന്ന കോന്നി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 85% പൂർത്തികരിച്ചിട്ടുണ്ട് കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ കൺസൽട്ടൻസി M/s. HLL ആണ്. കോന്നി മെഡിക്കൽ കോളജിലെ അക്കാഡമിക് ബ്ലോക്കിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ 80% നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഫയർടാങ്ക് പമ്പ് റൂം, Entrance gate, ചുറ്റുമതിൽ, മാലിന്യ സംസ്കരണ പ്ലാൻറ് തുടങ്ങിയ വിവിധയിനം ജോലികൾക്കായുള്ള 11.91 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൻറെ പരിഗണനയിലാണ്. 2 .43 കോടി രൂപ ചെലവിൽ കോന്നി മെഡിക്കൽ കോളേജിൽ ഇലക്ട്രിക്കൽ Substation നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതിയ്ക്കായും പ്രസ്തുത തുക അധികമായി അനുവദിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിൻറെ പരിഗണനയിലാണ്

കോന്നിയിലെ സർക്കാർ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെയും ആശുപത്രിയുടേയും നിർമ്മാണ പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയും തുടർന്ന് എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനും സാധ്യമാകും.

**<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**

വയനാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 50 ഏക്കർ ഭൂമി ചന്ദ്രപ്രഭ ചാരിറ്റബിൾ ട്രസ്റ്റ് കേരള സർക്കാരിന് നൽകുകയും അവിടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി കൈക്കൊണ്ട് വരികയും ചെയ്യുകയുണ്ടായി. എന്നാൽ,പ്രസ്തുത സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക്

അനുയോജ്യമല്ലെന്ന് 2018 ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ കണ്ടെത്തിയതിനെ തുടർന്ന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് തീരുമാനിച്ചു .

അതനുസരിച്ച് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി വൈത്തിരി താലൂക്കിൽ ചുണ്ടേൽ വില്ലേജിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് G.O (RT) NO. 2391/2019/RD തീയതി: 29/08/2019 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി വരുന്നു .

**സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി**

ഇടുക്കിയിലെ പൈനാവിൽ 24.03.2012 തീയതിയിലെ സ.ഉ (കൈ) നം. 98/2012/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിക്കുകയും 16.06.2016 തീയതിയിലെ സ.ഉ (കൈ) നം. 224/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ സർവ്വേ നമ്പർ 161/1ൽ ഉൾപ്പെടുന്ന 40 ഏക്കർ സ്ഥലം ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കൈമാറി ഉത്തരവ് ലഭിക്കുകയുമുണ്ടായി. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി KITCO യ്ക്ക് കരാർ നൽകുകയും ചെയ്തു. അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പഴയ ആശുപത്രി കെട്ടിടത്തിലെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് 2014 ൽ എം.ബി.ബി.എസ് ആദ്യ ബാച്ച് 50 കുട്ടികൾക്ക് പ്രവേശനം നൽകുകയും, 2015 ൽ എം.ബി.ബി.എസ് രണ്ടാം ബാച്ചിന് പ്രവേശനം നൽകുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മെഡിക്കൽ കോളേജ് ആരംഭിച്ചതിനാൽ MCI ടി കോളേജിന്റെ അംഗീകാരം റദ്ദ് ചെയ്തിരുന്നു. തുടർന്ന് ഇടുക്കി മെഡിക്കൽ കോളേജിലെ 2014-15, 2015-16 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളെയും മറ്റുപല സർക്കാർ മെഡിക്കൽ കോളേജുകളിൽ മാറ്റുകയുണ്ടായി.

അറുപതു കോടി പതിനേഴ് ലക്ഷം രൂപയുടെ( 6017 ലക്ഷം രൂപ) അടങ്കൽ തുകയിൽ നാല്പത്തിയെട്ട് കോടി അമ്പത്തിനാല് നാല്പ ലക്ഷത്തി നാല്പതിയനായിരം രൂപയുടെ (4854.4 ലക്ഷം രൂപ) നബാർഡ് ധനസഹായത്തോടെ പണികൾ ആരംഭിച്ചിട്ടുള്ള ഇടുക്കി മെഡിക്കൽ കോളേജാശുപത്രി കെട്ടിടത്തിൻറെ പണികൾ നിലവിൽ 50 % ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിൻറെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റെസിഡൻഷ്യൽ സംവിധാനം ഏർപ്പെടുത്തുന്നതിലേക്കായി Electrification, fire fighting, Civil, mechanical ജോലികൾകൾക്കായി 98 കോടി 40 ലക്ഷം (9840 ലക്ഷം) രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയുടെ നിർമ്മാണത്തിനായി കൺസൺട്ടൻസി തുകയടക്കം 21.33 കോടി രൂപയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ് .

2019-2020 അദ്ധ്യയന വർഷത്തേക്കുള്ള എം.ബി.ബി.എസ് അഡ്മിഷന് വേണ്ടി ഉപകരണങ്ങൾ, കെട്ടിടം, ജീവനക്കാരുടെ നിയമനം എന്നിവ സമയബന്ധിതമായി നൽകം എന്ന് കാണിച്ച് കേരള സർക്കാർ ഇന്ത്യൻ മെഡിക്കൽ കൌൺസിലിനു സർട്ടിഫിക്കേറ്റ് ഓഫ് അണ്ടർടേക്കിംഗ് സമർപ്പിക്കുയും ആയതിന്റെ അടിസ്ഥാനത്തിൽ 03.12.2018, 04.12.2018 എന്നീ ദിവസങ്ങളിൽ എം.സി.ഐ ഇൻസ്പെക്ഷൻ നടത്തുകയും എം.സി.ഐ ചൂണ്ടിക്കാണിച്ച 21 പോരായ്മകളിൽ ഏറെക്കുറെ പരിഹരിച്ച്, കംപ്ലയൻസ് റിപ്പോർട്ട് തയ്യാറാക്കി ബാക്കിയുള്ള പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കാമെന്ന് സമ്മതപത്രം സഹിതം കംപ്ലയൻസ് റിപ്പോർട്ട് 17.05.2019 ന് ഡി.എം.ഇ നേരിട്ട് ഹാജരായി സമർപ്പിച്ചു.

2020-21 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് പുനരാരംഭിക്കുന്നതിനായി സർക്കാർ സർട്ടിഫിക്കറ്റ് ഓഫ് അണ്ടർടേക്കിംഗ് പ്രിൻസിപ്പലിന് നൽകുകയും 06.07.2019 ൽ ലെറ്റർ ഓഫ് പെർമിഷനുള്ള അപേക്ഷ സഹിതം എം.സി.ഐ യ്ക്ക് സമർപ്പിക്കുകയും ടി അപേക്ഷ എം.സി.ഐ സ്വീകരിച്ചതായും അറിയിപ്പ് ലഭിച്ചു. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ അദ്ധ്യാപക ,അനദ്ധ്യാപക ഡോക്ടർമാർ, ഇതര ജീവനക്കാർ എന്നിവരുടെ അഭാവം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

97 അദ്ധ്യാപക തസ്തികകളും 52 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 82 തസ്തികകൾ ഔട്ട് സോഴ്സിംഗ് മുഖേന നികത്തുന്നതിനും 15 അദ്ധ്യാപക തസ്തികകൾ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മാറ്റി സ്ഥാപിക്കുകയും, ഇവ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ എം.സി.ഐ മാനദണ്ഡം നിലനിർത്തുന്നതിനും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ടുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ, 10 സീനിയർ റസിഡന്റുമാരെയും ഇടുക്കി ജില്ലാ ആശുപത്രിയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള 31 ഡോക്ടർമാരെ ഡീംഡ് ഡെപ്യൂട്ടേഷൻ മുഖേനയും നിയമിക്കുകയും ഒൻപത് അദ്ധ്യാപകരെ സ്ഥലംമാറ്റത്തിലൂടെയും രണ്ട് അദ്ധ്യാപകരെ ജോലി ക്രമീകരണ വ്യവസ്ഥയിലും നിയമിക്കുകയുണ്ടായി.

2020-21 അദ്ധ്യയന വർഷത്തിൽ ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പുനരാരംഭിക്കുന്നതിനുള്ള അംഗീകാരം (Letter of Permission) ലഭിക്കുന്നതിനായുള്ള അപേക്ഷ എം.സി.ഐ യ്ക്ക് സമർപ്പിക്കുകയും 28.11.2019, 29.11.2019 എന്നീ തീയതികളിൽ എം.സി.ഐ ഇൻസ്പെക്ഷൻ നടത്തുകയും തുടർന്ന് പ്രധാനപ്പെട്ട 7 (ഏഴ്) അപര്യാപ്തതകളും 10 അനുബന്ധ അപര്യാപ്തതകളും 15.01.2020 ലെ കത്ത് പ്രകാരം ചൂണ്ടിക്കാട്ടുകയും അത് ഏറെക്കുറെ പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട്, പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 13.02.2020 ൽ എം.സി.ഐ യ്ക്ക് കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിച്ച് കംപ്ലയൻസ് ഇൻസ്പെക്ഷൻ പ്രതീക്ഷിച്ചിരിക്കുകയാണ്. 2020-21 അദ്ധ്യയന വർഷത്തിൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് പുനരാരംഭിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 50 എം.ബി.ബി.എസ് സീറ്റിൽ അഡ്മിഷൻ സാധ്യമാകുകയും, നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി ഇടുക്കി ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സയും സർക്കാർ ചെലവിൽ 50 കുട്ടികൾക്ക് എം.ബി.ബി.എസ് പഠനത്തിനു അഡ്മിഷൻ നൽകുവാനും സാധിക്കും.

**സെക്ഷൻ ഓഫീസർ**